പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4415

27.06.2013 ൽ മറുപടിക്ക്

**കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരി നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി ജമീലാ പ്രകാശം:<br>ശ്രീ. ജോസ് തെറ്റയിൽ:<br>„ മാത്യു റ്റി. തോമസ്:<br>„ സി.കെ. നാണു: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | കേരളത്തിൽ എത്ര കാർഡുടമകൾക്കാണ് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ അരി നൽകാൻ തീരുമാനിച്ചിട്ടുളളത്: | (എ) | എല്ലാ ബി.പി.എൽ/എ.എ.വൈ കാർഡുടമകൾക്കും (ആകെ 2051019 കാർഡുകൾ) കിലോയ്ക്ക് 1/- രൂപ നിരക്കിൽ അരി വിതരണം നടത്തുന്നുണ്ട്. |
| (ബി) | പ്രതിമാസം എത്ര കാർഡ് ഉടമകളാണ് ഈ പദ്ധതി പ്രകാരം അരി വാങ്ങുന്നത്; | (ബി) | ആകെ 2051019 കാർഡുടമകൾക്ക് ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം വിതരണം ചെയ്യേണ്ട അരി റേഷൻകടകളിൽ എത്താതെ വഴിക്കുവച്ചു തന്നെ മറിച്ചു വിൽക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (സി) | ചുരുക്കം ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 301049 പരിശോധനകൾ നടത്തിയതിൽ 107434 ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. റേഷൻ തിരിമറി ഒഴിവാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഫ്.സി.ഐ. യിൽ നിന്ന് റേഷൻ സാധനങ്ങൾ വിട്ടെടുക്കുന്ന സമയം റേഷനിംഗ് ഇൻസ്പെക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചുവരുന്നു. റേഷൻ സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്ന വാഹനത്തിൽ നിർദ്ദിഷ്ട മാതൃകയിലുളള സ്റ്റിക്കർ പതിക്കാറുണ്ട്. ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ ഉപഭോക്താ |

ക്കൾക്ക് ലഭിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിനായി സ്ക്വാഡുകൾ രൂപീകരിക്കുകയും പരിശോധനകൾ നടത്തിവരുകയും ചെയ്യുന്നു. റേഷൻകടയിൽ സാധനങ്ങൾ എത്തുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് FMPDS സംവിധാനവും സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ (civilsupplieskerala.gov.in) ലഭ്യമാണ്. ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ഭക്ഷ്യസാധനങ്ങൾ റേഷൻ കടകളിൽ എത്തുന്നതുസംബന്ധിച്ച സന്ദേശം SMS രൂപത്തിൽ ലഭിക്കും.

സെക്ഷൻ ഓഫീസർ